# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1628**

**21-03-2012 ൽ മറുപടിയ്ക്ക്**

## പൂതക്കുളം, മണ്ണയം വാട്ടർഷെഡ് പദ്ധതികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ പൂതക്കുളം, മണ്ണയം എന്നീ വാട്ടർഷെഡ് പദ്ധതികൾ എന്നാണ് ആരംഭിച്ചതെന്നും, പദ്ധതി പ്രകാരം എത്ര രൂപയാണ് ചെലവഴിക്കുവാൻ ഉദ്ദേശിച്ചിരുന്നതെന്നും അറിയിക്കുമോ; | (എ) | ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെട്ട പൂതക്കുളം പദ്ധതി 25-02-2008 ൽ ആരംഭിച്ചു. പദ്ധതി അടങ്കൽ 252 ലക്ഷം രൂപയാണ്. ആർ.ഐ.ഡി.എഫ് പദ്ധതി യിൽപ്പെട്ട മണ്ണയം വാട്ടർഷെഡ് പദ്ധതി 21-01-2010 ൽ ആരംഭിച്ചു. പദ്ധതി അടങ്കൽ 52.32 ലക്ഷം രൂപയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുവാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) | വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷികോൽപാദനം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ, ജീവനോപാധികൾക്കുള്ള ധനസഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| (സി) | നാളിതുവരെ എത്ര രൂപ ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും, ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ചമൂലം പദ്ധതി പ്രാവർത്തികമാക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കുമോ; | (സി) | പൂതക്കുളം പദ്ധതിയ്ക്ക് 42.25 ലക്ഷം രൂപയും മണ്ണയം പദ്ധതിയ്ക്ക് 8.73 ലക്ഷം രൂപയും ചെലവായി. ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ച മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) | പ്രസ്തുതപദ്ധതി നടപ്പിലാക്കുവാനുള്ള കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പ്രവർത്തനം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ